# ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ(TDF)

**H.O.S വരദരാജൻ നായർ സ്മാരക മന്ദിരം,മാഞ്ഞാലിക്കുളം റോഡ്,തമ്പാനൂർ,തിരുവനന്തപുരം**
**Ph: 0471-2333640**

---

**സർക്കുലർ നമ്പർ: 9/2025** **19.08.2025**

സുഹൃത്തേ,

കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് 19.08.2025 ൽ കോട്ടയത്ത് നടന്ന സമര പ്രഖ്യാപന കൺവെൻഷനിലെ തീരുമാന പ്രകാരം,

- **02.09.2025 ന് ഡിപ്പോകളിൽ പ്രതിഷേധ ധർണ്ണ.**
- **10.09.2025 ന് ജില്ലാകേന്ദ്രങ്ങളിലേക്ക് പ്രതിഷേധ മാർച്ചും ധർണ്ണയും.**
- **13.09.2025 മുതൽ 23.09.2025 വരെ യൂണിറ്റുതലങ്ങളിൽ തൊഴിലാളികളിൽ നിന്നും ഒപ്പു ശേഖരണം.**
- **30.09.2025 ന് സെക്രട്ടേറിയേറ്റ് മാർച്ച് നടത്താനും തീരുമാനിച്ചിരിക്കുന്നു.**

## ആവശ്യങ്ങൾ

1. കുടിശ്ശിക ഡി.എ അനുവദിക്കുക.
2. ശമ്പള പരിഷ്ക്കരണ കരാർ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ ശമ്പള പരിഷ്ക്കരണ ചർച്ച ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
3. കെ.എസ്.ആർ.ടി.സിയിലെ സ്വകാര്യവത്ക്കരണ നടപടികൾ പിൻവലിക്കുക.
4. റഫറണ്ടം അടിയന്തിരമായി നടത്തുക.
5. തൊഴിലാളി വിരുദ്ധ ഉത്തരവുകൾ പിൻവലിക്കുക.
6. വിജിലൻസ് വിഭാഗത്തിന്റെ തൊഴിലാളി വിരുദ്ധ നടപടികൾ അവസാനിപ്പിക്കുക.
7. ഇൻകുമ്പൻസി പൂർത്തിയാക്കിയ ജീവനക്കാർക്ക് ഹോം യൂണിറ്റിലേക്ക് ട്രാൻസ്ഫർ അനുവദിക്കുക.
8. ഡ്രൈവർമാർക്കുള്ള സ്പെഷ്യൽ അലവൻസ് കുടിശ്ശിക തീർക്കുക.
9. ബ്രീത്ത് അനലൈസർ പരിശോധനയിൽ വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവിറക്കുക, നിരപരാധികളെ ശിക്ഷിക്കുന്ന നടപടി അവസാനിപ്പിക്കുക.
10. കെ.എസ്.ആർ.ടി.സിയിൽ പുതിയ സ്ഥിര നിയമനങ്ങൾ PSC വഴി നടത്തുക.
11. എല്ലാ വിഭാഗങ്ങൾക്കും അർഹതപ്പെട്ട പ്രൊമോഷനുകൾ നൽകുക.
12. പെൻഷൻ പരിഷ്ക്കരണം നടത്തുക.
13. എൻ.പി.എസ് കുടിശ്ശിക അടച്ചു തീർക്കുക.
14. മിനിസ്റ്റീരിയൽ ഡ്യൂട്ടിസമയം 10–5 ആയി പുന:സ്ഥാപിക്കുക.
15. മെക്കാനിക്കൽ വിഭാഗത്തിന്റെ പഴയ ഡ്യൂട്ടി ഷിഫ്റ്റ് പുന:സ്ഥാപിക്കുക.
16. ജോലിഭാരം വർദ്ധിപ്പിച്ച് തൊഴിലാളികളെ പീഢിപ്പിക്കുന്ന നടപടികൾ അവസാനിപ്പിക്കുക.
17. കെ.എസ്.ആർ.ടി.സിയ്ക്ക് പുതിയ ബസ്സുകൾ വാങ്ങുക.

ഓണം അലവൻസും ബോണസും അഡ്വാൻസും ഉൾപ്പെടെയുള്ള ഓണം ആനുകൂല്യങ്ങൾ കെ.എസ്.ആർ.ടി.സി തൊഴിലാളികൾക്ക് സർക്കാരിലേതുപോലെ അനുവദിക്കണം എന്ന ആവശ്യം കൂടി ഉൾപ്പെടുത്തിയാണ് 02.09.2025 ന് ഡിപ്പോകളിൽ പ്രതിഷേധ ധർണ്ണ നടത്തേണ്ടത്.

റ്റി.സോണി
വൈസ്പ്രസിഡന്റ്

എം.വിൻസന്റ്MLA
വർക്കിംഗ് പ്രസിഡന്റ്